"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പയ്യാവൂർ ഗ്രാമപഞ്ചായത്ത്, മാവുംതോട് പുഴ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രോജക്ടിന്റെ ബിൽ തുക നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയംഭരണ (ഡബ്ല്യു. എം) വകുപ്പ്

സ.ഉ.(സാധാ) നം.559/2025/LSGD തീയതി,തിരുവനന്തപുരം, 25-02-2025

---

പരാമർശം:-

1. WP(C) No.27556/2023 നമ്പർ കേസിൽ ബഹു.ഹൈക്കോടതിയുടെ 18.10.2024-ലെ ഉത്തരവ്
2. കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.12.2024- ലെ കത്തും പയ്യാവൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24.10.2024-ലെ 7/257(6)/2024 നമ്പർ തീരുമാനവും
3. 30/01/2025-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ 4.3 നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

പയ്യാവൂർ ഗ്രാമപഞ്ചായത്ത് 2020-21 വർഷം മാവുംതോട് പുഴ ശുചീകരണത്തിനും സംരക്ഷണത്തിനുമായി പ്രോജക്ട് ഏറ്റെടുക്കുകയും നടപടിക്രമങ്ങൾ പാലിച്ച് പ്രവൃത്തി പൂർത്തിയാക്കുകയും 12.01.2023-ൽ 8,92,779 രൂപയുടെ ബിൽ അസിസ്റ്റന്റ് എഞ്ചിനീയർ നൽകുകയും ചെയ്തു. എന്നാൽ പ്രവൃത്തിയുടെ നടത്തിപ്പിൽ അഴിമതിയുണ്ടെന്ന് വിജിലൻസ് വിഭാഗത്തിന് പരാതി ലഭിച്ചതിനാൽ ബിൽ തുക നൽകാൻ കഴിഞ്ഞില്ല. എന്നാൽ വിജിലൻസ് FIR തയ്യാറാക്കുകയോ തുക നൽകുന്നത് തടസ്സപ്പെടുത്തുകയോ ചെയ്തിരുന്നില്ല. ബിൽ തുക ലഭിക്കാതെ വന്നതിനെ തുടർന്ന് കരാറുകാരൻ ബഹു.ഹൈക്കോടതിയിൽ WP(C) 27556/2023 പ്രകാരം കേസ് ഫയൽ ചെയ്യുകയും ബിൽ തുക നൽകാനുള്ള അനുമതിക്കായി കോ ഓർഡിനേഷൻ കമ്മിറ്റിക്ക് നൽകാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ബഹു. ഹൈക്കോടതി പരാമർശം 2 പ്രകാരം ഉത്തരവാകുകയും ചെയ്തു. ഗ്രാമപഞ്ചായത്തിന്റെ ആവശ്യം പരിഗണിച്ച് തുടർനടപടി സ്വീകരിക്കാൻ കോ ഓർഡിനേഷൻ കമ്മിറ്റിയോട് ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

2. 30/01/2025 ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റി ഈ വിഷയം പരിശോധിക്കുകയും ഗ്രാമപഞ്ചായത്ത് നൽകിയ വിവരമനുസരിച്ച് നടപടിക്രമങ്ങളിൽ അപാകതയില്ല എന്നതും ബഹു. ഹൈക്കോടതിയുടെ ഉത്തരവും പരിഗണിച്ച് ഈ പ്രോജക്ടിന്റെ അർഹതപ്പെട്ട തുക നടപടിക്രമങ്ങൾ പാലിച്ച് നൽകാൻ അനുമതി നൽകുകയും ചെയ്തു

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 30/01/2025-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 4.3 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ

പയ്യാവൂർ ഗ്രാമപഞ്ചായത്ത്, മാവുംതോട് പുഴ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രോജക്ടിന്റെ അർഹതപ്പെട്ട തുക കരാറുകാരന് നൽകുവാൻ അനുമതി നൽകി ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 27-02-2025 08:35:36
സെക്ഷൻ ഓഫീസർ

സെക്രട്ടറി, പയ്യാവൂർ ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ജില്ലാ പ്ലാനിംഗ് ഓഫീസർ, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) (ഓഡിറ്റ് I) (ഓഡിറ്റ് II), കേരളം , തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി